**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6049 02-04-2018-ൽ മറുപടിക്ക്**

**ജി.എസ്.ടി. നടപ്പാക്കിയശേഷമുള്ള നികുതിചോർച്ച**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പാക്കിയശേഷം പൊതുഗതാഗതം വഴിയുള്ള ചരക്കുനീക്കം പരിശോധിക്കാനും നികുതിചോർച്ച തടയുവാനുമായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഇ-വേ ബിൽ നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ കേരളം ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്ത ശേഷം സ്വന്തമായി കേരള സംസ്ഥാന ചരക്ക സേവന നികുതി ചട്ടം 138 പ്രകാരം അന്തർ സംസ്ഥാന ചരക്ക നീക്കത്തിന് മൂന്ന് വിഭാഗങ്ങളിലായി KER 1, KER 2, KER3 ഫോമുകൾ നിർബന്ധമാക്കി. ഇതിനെതിരായി പല കേസുകളും ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. അന്തർ സംസ്ഥാന ചരക്ക നീക്കം ഐ.ജി.എസ്.ടി. നിയമ പ്രകാരം ആയതിനാൽ സംസ്ഥാനത്തിന് പ്രത്യേകമായി ഇതിനായി ഫോമുകൾ നിഷ്കർഷിക്കാൻ അവകാശമില്ല എന്ന കാരണത്താൽ KER ഫോമുകൾ നിർബന്ധമാക്കുന്ന തിനെതിരായി കോടതി വിധികൾ ഉണ്ടായി. ഈ വിഷയം കേരളത്തെപ്പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും 01.02.2018 മുതൽ ഇന്ത്യയൊട്ടാകെ അന്തർ സംസ്ഥാന ചരക്ക നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വരുകയും ചെയ്തു. എന്നാൽ ജി.എസ്.ടി എൻ ലെ |

| | | | |
|---|---|---|---|
| | | | സോഫ്റ്റ് വെയറിന്റെ സാങ്കേതിക തകരാർ മൂലം ഇതിന്റെ തീയതി01.04.2018 മുതലായി പുതുക്കി നിശ്ചയിച്ചു. ഇ-വേബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധി വരെ നികുതി ചോർച്ച ഉണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. ചെക്ക്പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്ന് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാനായി ചരക്കു വാഹനങ്ങളുടെ ഭൗതീക പരിശോധനക്കായി ചെക്ക്പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതി ചോർച്ചയും നികുതി വെട്ടിച്ചുള്ള ചരക്കു നീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട അതിർത്തികളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ പടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. |
| (ബി) | സംസ്ഥാനത്ത് ഇ-വേ ബിൽ നടപ്പാക്കിയിട്ടുണ്ടോ; ഇ-വേ ബിൽ വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ എടുക്കുന്നതിനുള്ള അവസരം ഇപ്പോൾ നിലവിലുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പ്രധാന മേന്മ ചരക്കു നീക്കം തുടങ്ങുമ്പോൾ തന്നെ ഇ-വേ ബിൽ എടുക്കേണ്ടതുണ്ട് എന്നതാണ്. ഇതിനാൽ ചരക്കു നീക്കം ആരംഭിക്കുമ്പോൾ തന്നെ അതിനെ സംബന്ധിച്ച വിവരങ്ങൾ |

—3

| | | | |
|---|---|---|---|
| | | | സർക്കാരിന് ലഭ്യമാകും. ചരക്ക നീക്കത്തിന് ഇന്ത്യയൊട്ടാകെ ഒരു ഇ-വേ ബിൽ മാത്രം മതിയാകും. ഇത് ചരക്ക നീക്കം സുഗമമാക്കുകയും നികുതി വെട്ടിപ്പ് കുറയ്ക്കുകയും ചെയ്യും. ഇ-വേ ബിൽ സമ്പ്രദായത്തിൽ അൻപതിനായിരം രൂപയ്ക്ക് മുകളിലുള്ള ചരക്കുകളുടെ കൈമാറ്റത്തിന് ഇ-വേ ബിൽ നിർബന്ധമാണ്. ഇ-വേ ബിൽ സമ്പ്രദായത്തിൽ ചരക്ക വില്പനയാളിനോ വാങ്ങുന്ന യാളിനോ ചരക്ക നീക്കം നടത്തുന്ന ആളിനോ ഇ-വേ ബിൽ എടുക്കാവുന്നതാണ്. 10 കിലോമീറ്ററിന് മുകളിലുള്ള ചരക്ക നീക്കത്തിന് വാഹന നമ്പർ കൂടാതെയുള്ള ഇ-വേ ബില്ലിന് സാധുതയില്ല. ഇ-വേ ബില്ലിൽ വാഹനത്തിന്റെ നമ്പർ ഇ-വേബിൽ എടുക്കുന്നയാളിനോ, ട്രാൻസ്പോർട്ടറിനോ ചേർക്കാവുന്നതാണ്. ചരക്കുകൾ വാഹനം മാറ്റി കയറ്റേണ്ടി വരുന്ന സാഹചര്യത്തിൽ ഇ-വേ ബില്ലിൽ വാഹനത്തിന്റെ നമ്പർ മാറ്റം വരുത്താൻ കഴിയുന്നതാണ്. ഇ-വേ ബിൽ ഒഴിവാക്കിയിട്ടുള്ള ചരക്കുകളുടെ വിവരം കേന്ദ്ര വിജ്ഞാപനം 27/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ യന്ത്രവൽകൃതമല്ലാതെയുള്ള വാഹനങ്ങളുടെ ചരക്ക നീക്കത്തിന് ഇ-വേ ബിൽ ഒഴിവാക്കിയിട്ടുണ്ട്. ഒരു ട്രാൻസ്പോർട്ടറെ സംബന്ധിച്ചിടത്തോളം ഒരു ബില്ലിൽ അൻപതിനായിരം എന്ന പരിധി ബാധകമല്ല. ഒരു വാഹനത്തിൽ മൊത്തം അൻപതിനായിരം രൂപയ്ക്ക് മുകളിലുള്ള ചരക്കുകൾ ഉണ്ടെങ്കിലും ഇ-വേ ബിൽ എടുക്കേണ്ടതുണ്ട്. എടുത്ത ഇ-വേ ബിൽ 24 |

| | | | |
|---|---|---|---|
| | | | മണിക്കൂറിനകം ക്യാൻസൽ ചെയ്യാവുന്നതാണ്. ഇ-വേ ബില്ലിന്റെ കാലാവധി ഒരോ 100 കിലോ മീറ്ററിനും ഒരു ദിവസം എന്നതാണ്. ചരക്ക സ്വീകരിക്കുന്നയാളിന് തെറ്റായ വിവരങ്ങൾ അടങ്ങിയതോ തന്റേതല്ലാത്തതോ ആയ ഇ-വേ ബിൽ എടുത്ത് 72 മണിക്കൂറിനകം ക്യാൻസൽ ചെയ്യാവുന്നതാണ്. ഒരു വാഹനത്തിൽ കൊണ്ടു വരുന്ന ചരക്കുകൾക്ക് ഒന്നിലധികം ഇ-വേ ബിൽ എടുക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഒരുമിച്ചുള്ള ഇ-വേബിൽ എടുക്കാവുന്നതാണ്. |
| (സി) | റെയിൽ-വ്യോമ- ജലഗതാഗത മാർഗ്ഗങ്ങൾ മുഖേനയുള്ള ചരക്കുനീക്കത്തിലെ നികുതിചോർച്ച ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് തടയുവാൻ ധനവകുപ്പ് എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ? | | റെയിൽ-വ്യോമ ജലഗതാഗത മാർഗ്ഗങ്ങൾ മുഖേനയുള്ള നികുതി ചോർച്ച തടയുന്നതിന് വേണ്ടി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ